# GOVERNMENT OF KERALA

## Abstract

Prisons - Recommendation of the Jail Advisory Committee of Open Prison & Correctional Home, Nettukaltheri - Premature release of prisoners - Orders issued.

## HOME (B) DEPARTMENT

G.O.(Ms)No.22/2026/HOME Dated,Thiruvananthapuram, 02-02-2026

Read: Letter No. KPCS/3041/2025/WP1, dated 10.04.2025 of the Director General, Prisons and Correctional Services.

## ORDER

As per rule 462 and 463 of Kerala Prisons and Correctional Services (Management) Rules, 2014, Advisory committees are constituted in each Central Prison, Open Prison, Prison for Women and High Security Prison to make recommendations to the Government for the premature release of prisoners.

2. The Jail Advisory Committee of the Open Prison & Correctional Home, Nettukaltheri, which met on 18.02.2025, recommended twelve prisoners for premature release. The Director General of Prisons and Correctional Services, as per the letter read above, has forwarded the minutes of the meeting of the Advisory Committee, along with all supporting documents in respect of the prisoners who have been recommended for premature release:

3. Government have examined the matter in detail and are pleased to order the premature release of the following twelve prisoners of Open Prison & Correctional Home, Nettukaltheri, by remitting their remaining period of substantive sentence, in exercise of the powers conferred under Article 161 of the Constitution of India and subject to the conditions laid down in rule 470 of the Kerala Prisons and Correctional Services (Management) Rules, 2014, and on the condition that the release will be effected only on payment of fine, if any, or after undergoing the default sentence:

1. C.No. 2898 Antony S/o Joseph

2. C.No. 2900 Kunjumon S/o Chellappan
3. C.No. 2961 Parameswaran S/o Madhavan
4. C.No. 3010 Valsan S/o Ramakrishnan
5. C.No. 3138 Wilson S/o Thomas
6. C.No. 3244 Krishnakumar S/o Soman
7. C.No. 3245 Sreekumar S/o Soman
8. C.No. 3283 Ameer S/o Fazaludeen
9. C.No. 3597 Sajeev S/o Bhadran
10. C.No. 2830 Sivan S/o Karutha Kunju
11. C.No. 3360 Vijayan S/o Kesavan
12. C.No. 3101 Somarajan S/o Gopalan

(By order of the Governor)
**BISHWANATH SINHA**
**ADDITIONAL CHIEF SECRETARY**

Additional Chief Secretary to Hon'ble Governor, Lok Bhavan, Thiruvananthapuram
The State Police Chief, Thiruvananthapuram
The Director General of Prisons and Correctional Services, Thiruvananthapuram (with case files)
Superintendent, Open Prison & Correctional Home, Nettukaltheri
General Administration (SC) Department
Law Department (Vide OPN-E1/300/2025-LAW dated 17.05.2025)
Information Officer, Web & New Media division, I&PRD
Stock file

Forwarded /By order

Signed by
Sulfikkerali
Date: 03-02-2026 11:18:25

Section Officer

61

രഹസ്യം

# കേരള സർക്കാർ

55

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 24-12-2025

ഫയൽ നം. ബി1/174/2025/ആഭ്യന്തരം. ഇനം നം: 3455

വിഷയം : ആഭ്യന്തര വകുപ്പ് - ജയിലുകൾ - 18.02.2025-ൽ നെട്ടുകാൽത്തേരി ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോമിലെ 2024 വർഷത്തെ രണ്ടാം അർദ്ധ വാർഷിക ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിടുതൽ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

SECRETARY ... 24 DEC 2025

35

(54)

3455

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | ബി1/174/2025/ആഭ്യന്തരം |
| 2. വകുപ്പ് | ആഭ്യന്തര (ബി) വകുപ്പ് |
| 3. വിഷയം | ആഭ്യന്തരവകുപ്പ് - ജയിലുകൾ- 18.02.2025 ൽ നെട്ടുകാൽത്തേരി ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോമിലെ 2024 വർഷത്തെ രണ്ടാം അർദ്ധ വാർഷിക ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിട്ടുതൽ അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 23.06.2025 |
| 5.<br>(i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അല്ല<br>ബാധകമല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, നിയമവകുപ്പിന്റെ അഭിപ്രായം അനുബന്ധമായി ചേർത്തിട്ടുണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി സിന്ധു. റ്റി.എസ് |
| 8.കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 05.12.2025 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.12.2025 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13.മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 16.12.2025 |
| 14.കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 17.12.2025 |
| 15.മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16.തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

18.02.2025 ൽ നെട്ടുകാൽത്തേരി ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോമിലെ 2024 വർഷത്തെ രണ്ടാം അർദ്ധ വാർഷിക ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിട്ടുതൽ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) നിയമത്തിലെ വകുപ്പ് 77 പ്രകാരം തടവുകാരുടെ അകാല വിട്ടുതൽ സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനായി എല്ലാ സെൻട്രൽ ജയിലുകളിലും തുറന്ന ജയിലുകളിലും വനിതാ ജയിലുകളിലും വനിതാ തുറന്ന ജയിലിലും, അതീവ സുരക്ഷാ ജയിലിലും ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. നെട്ടുകാൽത്തേരി ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതി 18.02.2025 ന് യോഗം ചേർന്ന് 12 തടവുകാർക്ക് അകാല വിട്ടുതൽ അനുവദിക്കുന്നതിന് ശിപാർശ ചെയ്തു.

3. ശിപാർശ ചെയ്യപ്പെട്ട തടവുകാരുടെ കേസ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.:-

| ക്രമ നം | കൺവിക്റ്റ് നം. & പേര് (വയസ്സ്) | കുറ്റകൃത്യം | ശിക്ഷ | പോലീസ് റിപ്പോർട്ട് | പ്രൊബേഷൻ റിപ്പോർട്ട് | 31.12.2024 തീയതിയിൽ പൂർത്തീകരിച്ച യഥാർത്ഥ ശിക്ഷാ കാലയളവ് | 31.12.2024 തീയതിയിൽ ഇളവ് ഉൾപ്പെടെ പൂർത്തീകരിച്ച ശിക്ഷാ കാലയിളവ് | ഫൈൻ സംബന്ധിച്ച വിവരങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | 2898 ആന്റണി (65) | കൊലപാതകം | ജീവപര്യന്തം കഠിന തടവ് (302, 148, 143, 149, 447 IPC) | പ്രതികൂലം | അനുകൂലം | 14 വർഷം 4 മാസം 9 ദിവസം | 17 വർഷം 8 മാസം 10 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 2 | 2900 കുഞ്ഞുമോൻ (54) | കൊലപാതകം | ജീവപര്യന്തം കഠിന തടവ് (302, 148, 143, 149, 447, 324 IPC) | പ്രതികൂലം | അനുകൂലം | 14 വർഷം 3 മാസം 20 ദിവസം | 18 വർഷം 5 മാസം 11 ദിവസം | ഫൈൻ അടച്ചിട്ടില്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | 2961 പരമേശ്വരൻ (66) | സ്ത്രീയെ കൊല പ്പെടുത്തി | ജീവപര്യന്തം കഠിന തടവ് (302 IPC) | പ്രതികൂലം | അനുകൂലം | 14 വർഷം 2 മാസം 25 ദിവസം | 17 വർഷം 1 മാസം 18 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 4 | 3010 വൽസൻ (60) | കൊല പാതകം | ജീവപര്യന്തം കഠിന തടവ് (302, 324 IPC) | പ്രതികൂലം | അനുകൂലം | 14 വർഷം 2 മാസം 25 ദിവസം | 19 വർഷം 2 മാസം 18 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 5 | 3138 വിൽസൺ (56) | കൊല പാതകം | ജീവപര്യന്തം കഠിന തടവ് (302 IPC) | പ്രതികൂലം | അനുകൂലം | 14 വർഷം 6 മാസം 28 ദിവസം | 20 വർഷം 2 മാസം 29 ദിവസം | ഫൈൻ ഇല്ല |
| 6 | 3244 കൃഷ്ണകുമാർ (40) | കൊല പാതകം | ജീവപര്യന്തം കഠിന തടവ് (302, 34 IPC) | പ്രതികൂലം | അനുകൂലം | 14 വർഷം 2 മാസം 6 ദിവസം | 19 വർഷം 1 മാസം 23 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 7 | 3245 ശ്രീകുമാർ (38) | കൊല പാതകം | ജീവപര്യന്തം കഠിന തടവ് (302 , 34 IPC) | പ്രതികൂലം | അനുകൂലം | 14 വർഷം 2 മാസം 6 ദിവസം | 19 വർഷം 4 മാസം 24 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 8 | 3283 അമീർ (42) | കൊല പാതകം | ജീവപര്യന്തം കഠിന തടവ് (302, 324 IPC) | പ്രതികൂലം | പ്രതികൂലം | 14 വർഷം 6 മാസം 27 ദിവസം | 19 വർഷം 7 മാസം 16 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 9 | 3597 സജീവ് (53) | രാഷ്ട്രീയ കൊല പാതകം | ജീവപര്യന്തം കഠിന തടവ് (302, 143, 148, 324 IPC) | പ്രതികൂലം | അനുകൂലം | 14 വർഷം 3 മാസം 10 ദിവസം | 19 വർഷം 6 മാസം 18 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 10 | 2830 ശിവൻ (49) | സ്ത്രീയെ കൊല പ്പെടുത്തി | ജീവപര്യന്തം കഠിന തടവ് (302, 324, 447 IPC) | പ്രതികൂലം | അനുകൂലം | 15 വർഷം 8 മാസം 26 ദിവസം | 20 വർഷം 12 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 11 | 3360 വിജയൻ (62) | ഭാര്യയെ കൊല പ്പെടുത്തി | ജീവപര്യന്തം കഠിന തടവ് (302 IPC) | പ്രതികൂലം | അനുകൂലം | 15 വർഷം 2 മാസം 21 ദിവസം | 18 വർഷം 9 മാസം 12 ദിവസം | ഫൈൻ ഇല്ല |
| 12 | 3101 സോമരാജൻ (70) | 2 സ്ത്രീയെ കൊല പ്പെടുത്തി | ജീവപര്യന്തം കഠിന തടവ് (302, 323 IPC) | പ്രതികൂലം | അനുകൂലം | 16 വർഷം 6 മാസം 11 ദിവസം | 22 വർഷം 10 മാസം 20 ദിവസം | ഫൈൻ അടച്ചിട്ടില്ല |

4. ഓരോ തടവുകാരന്റെയും കേസ് സംബന്ധിച്ച വിശദമായ വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുള്ള നിയമ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം അനുബന്ധമായി ചേർത്തിട്ടുണ്ട്.

5. അകാലവിട്ടുതല്വമായി ബന്ധപ്പെട്ട്, കുറ്റകൃത്യത്തിന്റെ സ്വഭാവം മാത്രം പരിഗണിച്ച് തടവുകാർക്ക് അകാലവിട്ടതൽ നിഷേധിക്കുന്നതിനെതിരായി ബഹു. സുപ്രീംകോടതി WP(Crl) 520/22 നമ്പർ കേസിൽ, Joseph Vs State of Kerala, 21.09.2023 തീയതിയിലെ വിധിന്യായത്തിൽ നിരീക്ഷണം നടത്തിയിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിന്റെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

"............33. Classifying to use a better word, typecasting convicts, through guidelines which are inflexible, based on their crime committed in the distant past can result in the real danger of overlooking the reformative potential of each individual convict. Grouping types of convicts, based on the offences they were found to have committed, as a starting point, may be justified. However, the prison laws in India - read with Articles 72 and 161 encapsulate a strong underlying reformative purpose. The practical impact of a guideline, which bars consideration of a premature release request by a convict who has served over 20 or 25 years, based entirely on the nature of crime committed in the distant past, would be to crush the life force out of such individual, altogether. Thus, for instance, a 19 or 20 year old individual convicted for a crime, which finds place in the list which bars premature release, altogether, would mean that such person would never see freedom, and would die within the prison walls. There is a peculiarity of continuing to imprison one who committed a crime years earlier who might well have changed totally since that time. This is the condition of many people serving very long sentences. They may have killed someone (or done something much less serious, such as commit a narcotic drug related offences or be serving a life sentence for other non-violent crimes) as young individuals and remain incarcerated 20 or more years later. Regardless of the morality of continued punishment, one may question its rationality. The question is, what is achieved by continuing to punish a person who recognises the wrongness of what they have done, who no longer identifies with it, and who bears little resemblance to the person they were years earlier? It is tempting to say that they are no longer the same person. Yet, the insistence of guidelines, obdurately, to not look beyond the red lines drawn by it and continue

in denial to consider the real impact of prison good behavior, and other relevant factors (to ensure that such individual has been rid of the likelihood of causing harm to society) results in violation of Article 14 of the Constitution. Excluding the relief of premature release to prisoners who have served extremely long periods of incarceration, not only crushes their spirit, and instils despair, but signifies society's resolve to be harsh and unforgiving. The idea of rewarding, a prisoner for good conduct is entirely negated.

34. In the petitioner's case, the 1958 Rules are clear a life sentence, is deemed to be 20 years of incarceration. After this, the prisoner is entitled to premature release. 28 The guidelines issued by the NHRC pointed out to us by the counsel for the petitioner, are also relevant to consider that of mandating release, after serving 25 years as sentence (even in heinous crimes). At this juncture, redirecting the petitioner who has already undergone over 26 years of incarceration (and over 35 years of punishment with remission), before us to undergo, yet again, consideration before the Advisory Board, and thereafter, the state government for premature release -- would be a cruel outcome, like being granted only a salve to fight a raging fire, in the name of procedure. The grand vision of the rule of law and the idea of fairness is then swept away, at the altar of procedure which this court has repeatedly held to be a "handmaiden of justice".

35. Rule 376 of the 2014 Rules prescribes that prisoners shall be granted remission for keeping peace and good behaviour in jail. As per the records produced by the State, the petitioner has earned over 8 years of remission, thus demonstrating his good conduct in jail. The discussions in the minutes of the meetings of the Jail Advisory Board are also positive and find that he is hardworking, disciplined, and a reformed inmate. Therefore, in the interest of justice, this court is of the opinion, that it would be appropriate to direct the release of the petitioner, with immediate effect. It is ordered accordingly.

36. The writ petition, thus, stands allowed in the above terms. Pending applications, if any, are disposed of.

6. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ബഹു കേരളാ ഹൈക്കോടതി മുമ്പാകെ ശ്രീമതി പ്രസന്ന, ശ്രീമതി ബിന്ദു പ്രകാശൻ എന്നിവർ യഥാക്രമം ഫയൽ ചെയ്ത WA.No. 1245/24, WA No.2137/24 എന്നിവയിന്മേലും ശ്രീ ബാല്യ ഫയൽ ചെയ്ത WP(Crl) 1215/24-ലും സമാന വിധത്തിലുള്ള വിധിന്യായം ബഹു. കോടതി പുറപ്പെടുവിച്ചിട്ടുള്ളതും ഈ വിധിന്യായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് നെട്ടുകാൽത്തേരി തുറന്ന ജയിലിലെ അന്തേവാസിയും മേൽകേസിൽ ഉൾപ്പെട്ടതുമായ സി.നം.2761 രാജൻ, ചീമേനി തുറന്ന ജയിലിലെ അന്തേവാസിയായിരുന്ന സി.നം. 321 പ്രകാശൻ എന്നിവർക്ക് 15.09.2025 തീയതിയിലെ സ.ഉ(കൈ)നം.171/2025/ആഭ്യന്തരം പ്രകാരവും വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അന്തേവാസിയായ സി.നം. 6036 ബാല്യ, സി.നം.4028 റിജോ എന്നിവരുൾപ്പടെയുള്ള നാലുപേർക്ക് 31.10.2025 തീയതിയിലെ സ.ഉ(കൈ)നം.206/2025/ആഭ്യന്തരം പ്രകാരവും അകാല വിട്ടുതൽ അനുവദിക്കുകയുണ്ടായി.

7. കുറ്റവാളികളുടെ മേൽ ചുമത്തുന്ന പിഴ ശിക്ഷ (fine sentence) സംബന്ധിച്ച് Bilkis Yakub Rasool Vs Union of India, MANU/SC/0025/2024 നമ്പർ കേസിലെ ഉത്തരവിൽ ബഹു. സുപ്രീംകോടതിയുടെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ നിയമവകുപ്പ് താഴെപ്പറയുന്ന അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്:

*" **Bilkis Yakub Rasool Vs. Union of India, MANU/SC/0025/2024** എന്ന കേസിൽ അകാല വിട്ടുതലിനായി പരിഗണിക്കുന്ന തടവുകാർക്ക് ശിക്ഷയോടൊപ്പം ഫൈൻ കൂടി വിധിച്ചിട്ടുള്ളതാണെങ്കിൽ ഫൈൻ ഒടുക്കിയത് സംബന്ധിച്ച വിവരങ്ങൾ കൂടി പരിശോധിക്കേണ്ടതാണെന്ന് വിധിക്കുകയുണ്ടായി. ആയത് ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.*

ബിൽക്കിസ് യാക്കൂബ്, കേസിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവിലെ 54-ാം ഖണ്ഡികയിൽ പിഴയ്ക്കു പകരമുള്ള ശിക്ഷ സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കുന്നുണ്ട്. ഖണ്ഡിക 54 -3 ൽ ........" *the sentence of imprisonment awarded to a person for committing an offence is distinct than the imprisonment ordered to be undergone on default of payment of fine. The latter is not a substantive sentence for commission of offence but is in the nature of penalty for default in payment of fine"* എന്ന് വ്യക്തമാക്കുന്നു. സമാനമായ മറ്റൊരു കേസിൽ നിയമവകുപ്പ് തന്ന ഉപദേശത്തിൽ ഇത് വിശദീകരിക്കുന്നുണ്ട്

8. ഇതിൻ പ്രകാരം ശിക്ഷാ ഇളവിൽ പരിഗണിക്കുന്ന തടവുകാർ ഫൈൻ ഒടുക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തുവാൻ ജയിൽ മേധാവിയോട് ആവശ്യപ്പെട്ടിരുന്നു. പിഴ ഒടുക്കാത്തതിൽ പകരമായി അനുഭവിക്കേണ്ട ശിക്ഷാ കാലാവധി കൂടി കണക്കിലെടുത്തല്ല ജയിൽ ഉപദേശകസമിതികൾ BNSS 475 (CrPC 433 A) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മിനിമം കാലാവധിയായ 14 വർഷം കണക്കാക്കിയിട്ടുള്ളതെന്നും Set off കാലാവധി ഉൾപ്പെടെയുള്ള യഥാർത്ഥ ശിക്ഷ (Substantive Sentence) മാത്രമാണ് ഇതിനായി കണക്കാക്കുന്നതെന്നും ജയിൽ ഉപദേശക സമിതി ശിപാർശ അനുസരിച്ച് വിട്ടുതൽ ഉത്തരവാകുന്ന പക്ഷം, അന്തേവാസികൾ പിഴത്തുക ഒടുക്കിയെന്ന് ഉറപ്പുവരുത്തി മാത്രമാണ് വിട്ടുതൽ ചെയ്യുന്നതെന്നും പിഴ ഒടുക്കാത്ത തടവുകാരെ പിഴക്ക് പകരമായി അനുഭവിക്കേണ്ട ശിക്ഷ കൂടി അനുഭവിച്ച ശേഷം മാത്രമാണ് വിട്ടുതൽ ചെയ്യുന്നതെന്നും ജയിൽ മേധാവി അറിയിച്ചിട്ടുണ്ട്. ഈ കേസിൽ പിഴ ശിക്ഷയുള്ള ഒരു തടവുകാരനും പിഴ (ഫൈൻ) അടച്ചിട്ടില്ല. ഇവർ വേജസിലെ ഫണ്ടിൽ നിന്നും ഫൈൻ ഒടുക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്.

9. ഈ ശിപർശയിൽ ഉൾപ്പെട്ട സി.നം. 3101 സോമരാജന്റെ മകനായ ശ്രീ. സോമു ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(Crl) No. 1481/25 കേസ് 20.11.2025 തീയതിയിലെ വിധിന്യായ പ്രകാരം ചുവടെ പറയും വിധം നിർദ്ദേശം നൽകിക്കൊണ്ട് തീർപ്പാക്കിയിട്ടുണ്ട്.

> " Having heard both sides, the writ petition is disposed of with a direction to the 2nd respondent to take a decision on the recommendation of the Prison Advisory Board for the release of the parents of the petitioner, within a period of three months from the date of receipt of a copy of this judgment. "

10. 18.02.2025 ന് നെട്ടുകാൽത്തേരി ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോമിൽ കൂടിയ ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം 12 തടവുകാരുടെ അകാലവിട്ടുതൽ ശിപാർശ മന്ത്രിസഭായോഗത്തിന് മുൻപാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

**തീരുമാനിക്കേണ്ട വിഷയം**

നെട്ടുകാൽത്തേരി ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോമിലെ 18.02.2025 ൽ കൂടിയ ഉപദേശക സമിതിയുടെ ശിപാർശയും നിയമ വകുപ്പിന്റെ ഉപദേശവും പരിഗണിച്ച് ഭരണഘടനയുടെ 161–ാം അനുച്ഛേദം പ്രദാനം ചെയ്യുന്ന അധികാരങ്ങൾ വിനിയോഗിച്ചും, 2014 ലെ കേരള പ്രിസണുകളും

സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470 ലെ നിബന്ധനകൾക്ക് വിധേയമായും ശിക്ഷിക്കപ്പെട്ട പിഴ അടച്ച കഴിഞ്ഞു മാത്രമോ അല്ലെങ്കിൽ പിഴയ്ക്ക പകരമുള്ള ശിക്ഷ അനുഭവിച്ച കഴിഞ്ഞു മാത്രമോ ആയിരിക്കും വിടുതൽ എന്ന് വ്യക്തമാക്കികൊണ്ടും താഴെ പറയുന്ന 12 തടവുകാരുടെ ശേഷിക്കുന്ന പ്രധാന ശിക്ഷാ കാലയളവ് (period of substantive sentence) ഇളവ് ചെയ്ത് അകാലവിടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണർക്ക് ഉപദേശം നൽകാമോ ?

1. സി.നം. 2898 ആന്റണി S/o ജോസഫ്
2. സി.നം. 2900 കുഞ്ഞുമോൻ S/o ചെല്ലപ്പൻ
3. സി.നം. 2961 പരമേശ്വരൻ S/o മാധവൻ
4. സി.നം. 3010 വൽസൻ S/o രാമകൃഷ്ണൻ
5. സി.നം. 3138 വിൽസൺ S/o തോമസ്
6. സി.നം. 3244 കൃഷ്ണകുമാർ S/o സോമൻ
7. സി.നം. 3245 ശ്രീകുമാർ S/o സോമൻ
8. സി.നം. 3283 അമീർ S/o ഫസലുദ്ദീൻ
9. സി.നം. 3597 സജീവ് S/o ഭദ്രൻ
10. സി.നം. 2830 ശിവൻ S/o കറുത്ത കുഞ്ഞ്
11. സി.നം. 3360 വിജയൻ S/o കേശവൻ
12. സി.നം. 3101 സോമരാജൻ S/o ഗോപാലൻ

51/

**അനുബന്ധം**

1. 2010-ലെ കേരള പ്രിസൺസ് ആൻഡ് കറക്ഷണൽ സർവീസസ് (മാനേജ്മെന്റ്) ആക്റ്റിന്റെ 77-ാം വകുപ്പ് പ്രകാരം തടവുകാർക്ക് സ്വമേധയാ അല്ലെങ്കിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം അകാല വിടുതൽ അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിന് നൽകുന്നു.

2. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ 462-ാം ചട്ടം അനുസരിച്ച്, തടവുകാരെ അകാലവിടുതൽ സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനായി എല്ലാ സെൻട്രൽ ജയിലുകളിലും വനിതാജയിലുകളിലും, തുറന്ന ജയിലുകളിലും അതീവ സുരക്ഷാ ജയിലിലും ഉപദേശക സമിതികളെ രൂപീകരിച്ചിട്ടുണ്ട്. നെട്ടുകാൽത്തേരി തുറന്ന ജയിലിലെ ഉപദേശക സമിതി 18.02.2025 ന് ചേർന്ന യോഗത്തിൽ 12 തടവുകാരുടെ അകാലവിടുതൽ അനുവദിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. പിഴ ശിക്ഷ ലഭിച്ച 10 പേരിൽ ആരും തന്നെ ശിക്ഷയുടെ ഭാഗമായുള്ള ഫൈൻ തുക ഒടുക്കിയിട്ടില്ലെന്ന് ഡയറക്ടർ ജനറൽ 02-05-2025 ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. Bilkis Yakub Rasool Vs. Union of India,MANU/SC/0025/2024 എന്ന കേസിൽ തടവുകാനെ അകാല വിടുതലിനു പരിഗണിക്കുന്ന അവസരത്തിൽ പിഴ ഒടുക്കിയില്ലെങ്കിൽ അനുഭവിക്കേണ്ട തടവ് ശിക്ഷ ഒഴിവാക്കുന്നതിനായി തടവുകാരൻ പിഴ ഒടുക്കിയിട്ടുണ്ടോ എന്ന് സമുചിത സർക്കാരോ അഡ്വൈസറി ബോർഡോ ഉറപ്പാക്കേണ്ടതാണ് എന്ന് പരമോന്നത നീതിപീഠം നിരീക്ഷിച്ചിട്ടുള്ളതാണ്. ആയതിനാൽ അകാലവിടുതൽ അനുവദിക്കുമ്പോൾ ബഹു.കോടതിയുടെ മേൽ നിരീക്ഷണം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഭരണ വകുപ്പ് ശ്രദ്ധിക്കേണ്ടതാണ്.

4. നെട്ടുകാൽത്തേരി തുറന്ന ജയിലിലെ ഉപദേശക സമിതി ശിപാർശ സംബന്ധിച്ച കേസ് ഫയൽ ഈ വകുപ്പ് വിശദമായി പരിശോധിച്ചു. ഫയലിൽ ലഭ്യമാക്കിയിട്ടുള്ള തടവുകാരെ സംബന്ധിച്ച വിശദാംശങ്ങളുടെ സമഗ്രമായ പരിശോധനയുടെ അടിസ്ഥാനത്തിൽ, താഴെപറയുന്ന പ്രകാരം ഭരണ വകുപ്പിനെ അറിയിക്കുന്നു.

**1. സി.നം. 2898 ആന്റണി S/0 ജോസഫ് (വയസ്സ് -65/25)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| കൊല്ലപ്പെട്ട സാബുവിന്റെ സാമൂഹ്യ വിരുദ്ധ പ്രവൃത്തികൾക്കെതിരെ പ്രതികൾ ഉൾപ്പെടെയുള്ളവർ പ്രക്ഷോഭം നടത്തുകയും, തുടർന്ന് പ്രതികൾ ഒന്നിച്ചു കൂടി മാരകായുധങ്ങളുമായി സാബുവിന്റെ വീട് ആക്രമിക്കുകയും, സാബുവിനെ ഇരുമ്പ് പൈപ്പ് കൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്തുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>എസ്.സി.നം. 131/2006 കേസിലെ ഒന്നാം പ്രതിയായ ടിയാനെ ഡിസ്ട്രിക്ട് സെഷൻസ് കോടതി, തൊടുപുഴ കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302 r/w 149 വകുപ്പ് പ്രകാരം ജീവപര്യന്തം തടവും 25000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 1 വർഷം തടവും, ഇന്ത്യൻശിക്ഷാനിയമം 148 വകുപ്പ് പ്രകാരം 1 വർഷം | പ്രതിയുടെ അകാല വിടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>വധശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 14 വർഷവും 04 മാസവും 09 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട്. |

| | |
|---|---|
| കഠിന തടവും, 5000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 06 മാസം തടവും, ഇന്ത്യൻശിക്ഷാനിയമം 143 വകുപ്പ് പ്രകാരം 06 മാസം തടവും, ഇന്ത്യൻശിക്ഷാനിയമം 447 വകുപ്പ് പ്രകാരം 01 മാസം കഠിന തടവും ഉത്തരവായിട്ടുണ്ട്. ശിക്ഷ കാലയളവ് ഒന്നിച്ചനുഭവിക്കുന്നതിനും സെറ്റ് ഓഫും അനുവദിച്ചിട്ടുണ്ട്.<br>04.12.2015 ലെ ക്രിമിനൽ അപ്പീൽ നം. 482/2010 ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു. | ബഹു. വിചാരണ കോടതിയുടെയോ, അപ്പീൽ കോടതിയുടെയോ ശിക്ഷാ വിധികളിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br>BNSS ലെ വകുപ്പ് 475 അനുശാസിച്ചിട്ടുള്ള പ്രകാരം ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ<br>പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. |

**2. സി.നം. 2900 കുഞ്ഞുമോൻ S/o ചെല്ലപ്പൻ (വയസ്സ് -54/25)**

| **ശിക്ഷാവിധിയുടെ വിശദാംശങ്ങൾ** | **ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ** |
|---|---|
| കൊല്ലപ്പെട്ട സാബുവിന്റെ സാമൂഹ്യ വിരുദ്ധ പ്രവൃത്തികൾക്കെതിരെ പ്രതികൾ ഉൾപ്പെടെയുള്ളവർ പ്രക്ഷോഭം നടത്തുകയും, തുടർന്ന് പ്രതികൾ ഒന്നിച്ചു കൂടി മാരകായുധങ്ങളുമായി സാബുവിന്റെ വീട് ആക്രമിക്കുകയും, സാബുവിനെ ഇരുമ്പ് പൈപ്പ് കൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്തുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>എസ്.സി.നം. 131/2006 കേസിലെ നാലാം പ്രതിയായ ടിയാനെ ഡിസ്ട്രിക്ട് സെഷൻസ് കോടതി, തൊടുപുഴ കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302 r/w 149 വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവും 25000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 1 വർഷം തടവും, ഇന്ത്യൻശിക്ഷാനിയമം 324 വകുപ്പ് പ്രകാരം 1 വർഷം കഠിന തടവും, 1000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 06 മാസം തടവും, ഇന്ത്യൻശിക്ഷാനിയമം 148 വകുപ്പ് പ്രകാരം 1 വർഷം കഠിന തടവും, 5000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 06 മാസം തടവും, ഇന്ത്യൻശിക്ഷാനിയമം 143 വകുപ്പ് പ്രകാരം 06 മാസം കഠിന തടവും, ഇന്ത്യൻശിക്ഷാനിയമം 447 വകുപ്പ് പ്രകാരം 01 മാസം കഠിന തടവും ഉത്തരവായിട്ടുണ്ട്. ശിക്ഷ കാലയളവ് ഒന്നിച്ചനുഭവിക്കുന്നതിനും സെറ്റ് ഓഫും അനുവദിച്ചിട്ടുണ്ട്.<br>04.12.2015 ലെ ക്രിമിനൽ അപ്പീൽ നം. 349/2010 ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു. | പ്രതിയുടെ അകാല വിടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 14 വർഷവും 03 മാസവും 20 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു.<br>ബഹു. വിചാരണ കോടതിയുടെയോ, അപ്പീൽ കോടതിയുടെയോ ശിക്ഷാ വിധികളിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br>BNSS ലെ വകുപ്പ് 475 അനുശാസിച്ചിട്ടുള്ള പ്രകാരം ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ<br>പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.. |

**3. സി.നം. 2961 പരമേശ്വരൻ @ പരമു S/o മാധവൻ (വയസ്സ് -66/25)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| ടിയാൻ ഒന്നാം പ്രതിയായ കേസിൽ ആകെ 3 പ്രതികളാണുള്ളത്. പ്രതികളുടെ അയൽക്കാരിയായിരുന്ന കൊല്ലപ്പെട്ട് ഭവാനിയുമായി ഉണ്ടായിരുന്ന അതിർത്തി തർക്കവുമായി ബന്ധപ്പെട്ട കേസിന്റെ വൈരാഗ്യം നിമിത്തം, ജോലി സ്ഥലത്ത് നിന്നും തിരികെ വീട്ടിലേക്കു വരികയായിരുന്ന ഭവാനി സഞ്ചരിച്ചിരുന്ന ബസിൽ പ്രതികൾ കയറുകയും ടിയാരി ബസ് സ്റ്റോപ്പിൽ ഇറങ്ങുന്നതിനിടെ ഒന്നാം പ്രതിയായ പരമേശ്വരൻ ബസിൽ നിന്നും ടിയാരിയെ തള്ളിയിടുകയും തുടർന്ന് പ്രതികൾ ചേർന്ന് ടിയാരിയെ ക്രൂരമായി മർദ്ദിക്കുകയും, തുടർന്ന് ഗുരുതരമായി പരിക്കേറ്റ ഭവാനി ചികിത്സയിൽ കഴിയവെ മരണപ്പെട്ടു എന്നതുമാണ് പ്രോസിക്യൂഷൻ കേസ്.<br><br>എസ്.സി.നം. 54/2004 കേസിലെ ഒന്നാം പ്രതിയായ ടിയാനെ ഡിസ്ട്രിക്ട് സെഷൻസ് കോടതി, തൃശ്ശൂർ കുറ്റക്കാരനെന്ന കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302 r/w 34 വകുപ്പ് പ്രകാരം ജീവപര്യന്തം തടവും 5000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 06 മാസം തടവും ഉത്തരവായിട്ടുണ്ട്. സെറ്റ് ഓഫ് അനുവദിച്ചിട്ടുണ്ട്.<br><br>19.01.2017 ലെ ക്രിമിനൽ അപ്പീൽ നം. 1002/2010 ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു. | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 14 വർഷവും 02 മാസവും 25 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട്.<br><br>ബഹു. വിചാരണ കോടതിയുടെയോ, അപ്പീൽ കോടതിയുടെയോ ശിക്ഷാ വിധികളിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br><br>BNSS ലെ വകുപ്പ് 475 അനുശാസിച്ചിട്ടുള്ള പ്രകാരം ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.. |

**4. സി.നം. 3010 വൽസൻ S/o രാമകൃഷ്ണൻ (വയസ്സ് -60/25)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| ഇരിഞ്ഞാലക്കുട വിശ്വനാഥപുരം ക്ഷേത്രത്തിലെ കാവടി ഘോഷയാത്രക്കിടെ ഒന്നാം പ്രതിയായ വൽസനും, രണ്ടാം പ്രതിയായ ഷായും സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്നതിനെ വിലക്കിയ സംഭവസ്ഥലത്തുണ്ടായിരുന്ന സുശീൽകുമാർ എന്ന വ്യക്തിയോടുണ്ടായ വൈരാഗ്യത്തിൻമേൽ പ്രതികൾ അന്നേ ദിവസം രാത്രി സുശീൽകുമാറിനെ മാരകായുധങ്ങളുമായി ആക്രമിക്കുകയും ആയത് തടയാനെത്തിയ ടിയാന്റെ സഹോദരനായ സുധീർകുമാറിനെ ഒന്നാം പ്രതിയായ വൽസൻ കത്തി കൊണ്ട് കുത്തി കൊലപ്പെടുത്തി എന്നതാണ് | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടാണ് നൽകിയിട്ടുള്ളത്. പോലീസ് റിപ്പോർട്ട് പ്രതികൂലമാണെന്ന് പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു. ആയത് പരിശോധനയ്ക്കായി ലഭ്യമല്ല. എന്നാൽ സംസ്ഥാനതല ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു |

| | |
|---|---|
| പ്രോസിക്യൂഷൻ കേസ്.<br>എസ്.സി.നം. 16/1995 കേസിലെ പ്രതിയായ ടിയാനെ ഡിസ്ട്രിക്ട് സെഷൻസ് കോടതി, തൃശ്ശൂർ കുറ്റവിമുക്തനാക്കിയിരുന്നു.<br>15.02.2001 ലെ ക്രിമിനൽ അപ്പീൽ നം. 306/1999 ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ വിട്ടുതൽ നൽകിയ വിധി റദ്ദാക്കുകയും ഒന്നും രണ്ടും പ്രതികളെ ഇന്ത്യൻശിക്ഷാനിയമം 302 r/w 34 വകുപ്പ് പ്രകാരം ജീവപര്യന്തം തടവും 10000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 1 വർഷം കഠിന തടവും, ഇന്ത്യൻശിക്ഷാനിയമം 324 വകുപ്പ് പ്രകാരം 1 വർഷം കഠിന തടവും ഉത്തരവായിട്ടുണ്ട്. ശിക്ഷ കാലയളവ് ഒന്നിച്ചനുഭവിക്കുന്നതിനും സെറ്റ് ഓഫും അനുവദിച്ചിട്ടുണ്ട്.<br>01.08.2008 ലെ ക്രിമിനൽ അപ്പീൽ നം. 572/2001 പ്രകാരം ബഹു. സുപ്രീം കോടതി, കേരള ഹൈക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു. | കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 14 വർഷവും 02 മാസവും 25 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട്.<br>ബഹു. വിചാരണ കോടതിയുടെയോ, അപ്പീൽ കോടതികളുടെയോ ശിക്ഷാ വിധികളിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br><br>BNSS ലെ വകുപ്പ് 475 അനുശാസിച്ചിട്ടുള്ള പ്രകാരം ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്. |

**5. സി.നം. 3138 വിൽസൺ @ വിൻസന്റ് S/o തോമസ് (വയസ്സ് -56/25)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| മുൻ വൈരാഗ്യത്തിന്മേൽ, ഭാര്യാ സഹോദരനായ ബിനോയിയെ പൊതുനിരത്തിൽ വച്ച് കത്തി കൊണ്ട് കുത്തുകയും തുടർന്ന് ടിയാൻ ആശുപത്രിയിൽ ചികിത്സയിൽ കഴിയവെ മരണപ്പെടുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>എസ്.സി.നം. 135/2008 കേസിലെ പ്രതിയായ ടിയാനെ അഡീഷണൽ ഡിസ്ട്രിക്ട് സെഷൻസ് കോടതി (ADHOC-I), കോട്ടയം കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം തടവിന് ഉത്തരവായിട്ടുണ്ട്. സെറ്റ് ഓഫ് അനുവദിച്ചിട്ടുണ്ട്.<br>16.03.2016 ലെ ക്രിമിനൽ അപ്പീൽ നം. 206/2011 ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു. | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 14 വർഷവും 06 മാസവും 28 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട്.<br><br>ബഹു. വിചാരണ കോടതിയുടെയോ, അപ്പീൽ കോടതിയുടെയോ ശിക്ഷാ വിധികളിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br><br>BNSS ലെ വകുപ്പ് 475 അനുശാസിച്ചിട്ടുള്ള പ്രകാരം ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല |

| | |
|---|---|
| | മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.. |

**6. സി.നം. 3244 കൃഷ്ണകുമാർ S/o സോമൻ (വയസ്സ് -40/25)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| രണ്ടാം പ്രതിയായ ശ്രീകുമാറും, കൊല്ലപ്പെട്ട സജിയും തമ്മിലുണ്ടായ വാക്കുതർക്കത്തിൻ മേലുള്ള വൈരാഗ്യം നിമിത്തം ഒന്നാം പ്രതിയായ കൃഷ്ണകുമാറും, സഹോദരനും, രണ്ടാം പ്രതിയുമായ ശ്രീകുമാറും ചേർന്ന് പൊതുസ്ഥലത്ത് വച്ച് സജിയെയും, സജിയുടെ സഹോദരനെയും കത്തികൊണ്ട് കുത്തി മുറിവേൽപ്പിക്കുകയും, മാരകമായി മുറിവേറ്റ സജി, ആശുപത്രിയിൽ വച്ച് മരണപ്പെടുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>എസ്.സി.നം. 705/2008 കേസിലെ പ്രതിയായ ടിയാനെ അഡീഷണൽ ഡിസ്ട്രിക്ട് സെഷൻസ് കോടതി ഫാസ്റ്റാക്ക് (ADHOC), മാവേലിക്കര കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302 r/w 34 വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവും 50000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 06 മാസം തടവും ഉത്തരവായിട്ടുണ്ട്. സെറ്റ് ഓഫ് അനുവദിച്ചിട്ടുണ്ട്.<br>13.102015 ലെ ക്രിമിനൽ അപ്പീൽ നം. 1354/2010 ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു. | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 14 വർഷവും 02 മാസവും 06 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട്.<br>ബഹു. വിചാരണ കോടതിയുടെയോ, അപ്പീൽ കോടതിയുടെയോ ശിക്ഷാ വിധികളിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br>BNSS ലെ വകുപ്പ് 475 അനുശാസിച്ചിട്ടുള്ള പ്രകാരം ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.. |

**7. സി.നം. 3245 ശ്രീകുമാർ @ ശ്രീക്കുട്ടൻ S/o സോമൻ (വയസ്സ് -38/25)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| രണ്ടാം പ്രതിയായ ശ്രീകുമാറും, കൊല്ലപ്പെട്ട സജിയും തമ്മിലുണ്ടായ വാക്കുതർക്കത്തിൻ മേലുള്ള വൈരാഗ്യം നിമിത്തം ഒന്നാം പ്രതിയായ കൃഷ്ണകുമാറും, സഹോദരനും, രണ്ടാം പ്രതിയുമായ ശ്രീകുമാറും ചേർന്ന് പൊതുസ്ഥലത്ത് വച്ച് സജിയെയും, സജിയുടെ സഹോദരനെയും കത്തികൊണ്ട് കുത്തി മുറിവേൽപ്പിക്കുകയും, മാരകമായി മുറിവേറ്റ സജി, ആശുപത്രിയിൽ വച്ച് മരണപ്പെടുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്. | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ |

| | |
|---|---|
| എസ്.സി.നം. 705/2008 കേസിലെ രണ്ടാം പ്രതിയായ ടിയാനെ അഡീഷണൽ ഡിസ്ട്രിക്റ്റ് സെഷൻസ് കോടതി (ADHOC), മാവേലിക്കര കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302 r/w 34 വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവും 50000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 06 മാസം തടവും ഉത്തരവായിട്ടുണ്ട്. സെറ്റ് ഓഫ് അനുവദിച്ചിട്ടുണ്ട്.<br>13.102015 ലെ ക്രിമിനൽ അപ്പീൽ നം. 1354/2010 പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു. | വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 14 വർഷവും 02 മാസവും 06 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട്.<br>ബഹു. വിചാരണ കോടതിയുടെയോ, അപ്പീൽ കോടതിയുടെയോ ശിക്ഷാ വിധികളിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br>BNSS ലെ വകുപ്പ് 475 അനുശാസിച്ചിട്ടുള്ള പ്രകാരം ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.. |

**8. സി.നം. 3283 അമീർ S/0 ഫസലുദ്ദീൻ (വയസ്സ് -42/25)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| ഈ കേസിലെ പ്രതിയായ അമീറിന്റെ ബന്ധുവായ ഷാജിയെ ഈ കേസിലെ മരണപ്പെട്ടയാളായ റാഫി ദേഹോപദ്രവം ഏൽപ്പിച്ചതിന്മേലുള്ള മുൻ വൈരാഗ്യത്തിൽ റാഫി ബാബുക്ക എന്നയാളെ 29/01/2004 രാത്രി 8 മണിയോടെ അമീർ വാളുപയോഗിച്ച് ആക്രമിക്കുകയും, ആക്രമണത്തിൽ മാരകമായി പരിക്കേറ്റ റാഫി ആശുപത്രിയിലേക്കുള്ള വഴി മദ്ധ്യേ മരണപ്പെടുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>എസ്.സി.നം. 210/2010 കേസിലെ പ്രതിയായ ടിയാനെ അഡീഷണൽ ഡിസ്ട്രിക്റ്റ് സെഷൻസ് കോടതി, ഫാസ്റ്റ്ട്രാക്ക്-1, തിരുവനന്തപുരം കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം തടവും 2,00,000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 2 വർഷം കഠിന തടവും, ഇന്ത്യൻശിക്ഷാനിയമം 324 വകുപ്പ് പ്രകാരം 1 വർഷം കഠിന തടവും ഉത്തരവായിട്ടുണ്ട്. ശിക്ഷ കാലയളവ് ഒന്നിച്ചനുഭവിക്കുന്നതിനും സെറ്റ് ഓഫും അനുവദിച്ചിട്ടുണ്ട്.<br>03.07.2015 ലെ ക്രിമിനൽ അപ്പീൽ നം. 31/2011 ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു. | പ്രതിയുടെ അകാല വിടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസറും പോലീസും പ്രതികൂല റിപ്പോർട്ടാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 14 വർഷവും 06 മാസവും 27 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട്.<br>ബഹു. വിചാരണ കോടതിയുടെയോ, അപ്പീൽ കോടതിയുടെയോ ശിക്ഷാ വിധികളിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br>BNSS ലെ വകുപ്പ് 475 അനുശാസിച്ചിട്ടുള്ള പ്രകാരം |

| | |
|---|---|
| | ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.. |

**9. സി.നം. 3597 സജീവ് @ കൊച്ചുസജീവ് S/0 ഭദ്രൻ (വയസ്സ് -53/25)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| DYFI പ്രവർത്തകനായ സുനിൽകുമാർ എന്നയാളെ ഈകേസിലെ കൊല്ലപ്പെട്ട സന്തോഷ് ഉൾപ്പെടെയുള്ള RSS പ്രവർത്തകർ കൊലപ്പെടുത്തിയതിലുള്ള വൈരാഗ്യത്തിൽ സന്തോഷിനെ ഒന്നാം പ്രതിയായ സജീവും കൂട്ടുപ്രതിയും ചേർന്ന് വാളുപയോഗിച്ച് വെട്ടി കൊലപ്പെടുത്തി എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br><br>എസ്.സി.നം. 770/2002 കേസിലെ ഒന്നാം പ്രതിയായ ടിയാനെ അഡീഷണൽ ഡിസ്ട്രിക്ട് സെഷൻസ് കോടതി-II, കൊല്ലം കുറ്റക്കാരനെന്ന് കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവും 25000/- രൂപ പിഴയും, ഇന്ത്യൻശിക്ഷാനിയമം 324 വകുപ്പ് പ്രകാരം 2 വർഷം കഠിന തടവും, 10000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 04 മാസം തടവും, ഇന്ത്യൻശിക്ഷാനിയമം 148 വകുപ്പ് പ്രകാരം 1 വർഷം കഠിന തടവും, 5000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 03 മാസം തടവും, ഇന്ത്യൻശിക്ഷാനിയമം 147 വകുപ്പ് പ്രകാരം 1 വർഷം കഠിന തടവും, 5000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 03 മാസം തടവും, ഇന്ത്യൻശിക്ഷാനിയമം 143 വകുപ്പ് പ്രകാരം 03 മാസം തടവും ഉത്തരവായിട്ടുണ്ട്. ശിക്ഷ കാലയളവ് ഒന്നിച്ചനുഭവിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. സെറ്റ് ഓഫും അനുവദിച്ചിട്ടില്ല.<br>24.11.2016 ലെ ക്രിമിനൽ അപ്പീൽ നം. 1094/2010 പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു. | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 14 വർഷവും 03 മാസവും 10 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട് .<br>ബഹു. വിചാരണ കോടതിയുടെയോ, അപ്പീൽ കോടതിയുടെയോ ശിക്ഷാ വിധികളിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br>BNSS ലെ വകുപ്പ് 475 അനുശാസിച്ചിട്ടുള്ള പ്രകാരം ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. |

**10. സി.നം. 2830 ശിവൻ S/0 കുറത്ത കുഞ്ഞ് (വയസ്സ് -49/25)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| പ്രതിയുടെ വസ്തുവിന്റെ അതിർത്തിയിൽ ശൗചാലയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് അയൽക്കാരനായ കുഞ്ഞ് കുഞ്ഞിനോടും ടിയാന്റെ ഭാര്യ മണിയോടും ഉണ്ടായിരുന്ന വാക്ക് | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. |

| | |
|---|---|
| തർക്കത്തിലുള്ള വൈരാഗ്യത്തിൽ 03.01.2003 ന് രാത്രി 7 മണിയോടെ ശിവൻ, കുഞ്ഞ് കുഞ്ഞിന്റെ വീട്ടിൽ അതിക്രമിച്ച കയറുകയും ഇരുമ്പ് ദണ്ഡും, വെട്ടുകത്തിയും ഉപയോഗിച്ച് ടിയാനെയും, ഭാര്യയെയും മാരകമായി പരിക്കേൽപ്പിക്കുകയും, തുടർന്ന് ആശുപത്രിയിൽ ചികിത്സയിൽ കഴിയവേ 09.01.2003 ന് മണി മരണപ്പെടുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>എസ്.സി.നം. 207/2004 കേസിലെ പ്രതിയായ ടിയാനെ അഡീഷണൽ ഡിസ്ട്രിക്ട് സെഷൻസ് കോടതി-I, മാവേലിക്കര കുറ്റക്കാരനെന്ന കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവും, ഇന്ത്യൻശിക്ഷാനിയമം 324 വകുപ്പ് പ്രകാരം 5000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 01 വർഷം തടവും, ഇന്ത്യൻശിക്ഷാനിയമം 447 വകുപ്പ് പ്രകാരം 500/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 01 മാസം തടവും ഉത്തരവായിട്ടുണ്ട്. സെറ്റ് ഓഫ് അനുവദിച്ചിട്ടുണ്ട്. (പരിശോധനയ്ക്കായി ലഭ്യമാക്കിയ വിധിന്യായത്തിന്റെ പകർപ്പിന്റെ അവസാന പേജുകൾ വായനായോഗ്യം അല്ലാത്തതിനാൽ ശിക്ഷ സംബന്ധിച്ച ഭാഗം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല) | ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 15 വർഷവും 08 മാസവും 26 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട്.<br>പരിശോധനയ്ക്കായി ലഭ്യമാക്കിയ വിധിന്യായത്തിന്റെ പകർപ്പിന്റെ അവസാന പേജുകൾ വായനായോഗ്യം അല്ലാത്തതിനാൽ ശിക്ഷ സംബന്ധിച്ച ഭാഗം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും BNSS ലെ വകുപ്പ് 475 അനുശാസിച്ചിട്ടുള്ള പ്രകാരം ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. |

**11. സി.നം. 3360 വിജയൻ S/o കേശവൻ (വയസ്സ് -62/25)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| ഭാര്യയായ ഉഷയുടെ ചാരിത്രശുദ്ധിയിലുള്ള സംശയത്തിൻമേൽ, 17.06.2005 ന് വൈകുന്നേരം 4.30 മണിയോടെ വീട്ടിലെ കിടപ്പുമുറിയിൽ വച്ച് വിജയൻ, ഉഷയുടെ കഴുത്തിൽ ഉളി കൊണ്ട് കുത്തുകയും, ഉഷ സംഭവ സ്ഥലത്ത് വച്ച് മരണപ്പെടുകയുമുണ്ടായി എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>എസ്.സി.നം. 123/2008 കേസിലെ പ്രതിയായ ടിയാനെ അഡീഷണൽ ഡിസ്ട്രിക്ട് സെഷൻസ് കോടതി (സ്പെഷ്യൽ), കോട്ടയം കുറ്റക്കാരനെന്ന കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം തടവിന് ഉത്തരവായിട്ടുണ്ട്. സെറ്റ് ഓഫ് അനുവദിച്ചിട്ടുണ്ട്.<br>10.07.2013 ലെ ക്രിമിനൽ അപ്പീൽ നം. 1832/2009 ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു. | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 15 വർഷവും 02 മാസവും 21 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട്.<br>ബഹു. വിചാരണ കോടതിയുടെയോ, അപ്പീൽ കോടതിയുടെയോ ശിക്ഷാ വിധികളിൽ |

| | |
|---|---|
| | തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br>BNSS ലെ വകുപ്പ് 475 അനുശാസിച്ചിട്ടുള്ള പ്രകാരം ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ<br>പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.. |

**12. സി.നം. 3101 സോമരാജൻ S/0 ഗോപാലൻ (വയസ്സ് -70/25)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| ഹരിചന്ദ്രൻ നായർ എന്നയാളുടെ വ്യാജ ചാരായ കച്ചവടത്തെപ്പറ്റി സോമരാജൻ പരാതി നൽകിയെന്ന സംശയത്തിൻമേൽ നിലനിന്നിരുന്ന തർക്കത്തെത്തുടർന്ന് സോമരാജനും, ഭാര്യ തങ്കമണിയും പൊതുവഴിയിൽ വച്ച് ഹരിചന്ദ്രൻ നായരുടെ ഭാര്യ വിജയമ്മയുമായി തർക്കമുണ്ടാവുകയും, ടാപ്പിങ് കത്തി ഉപയോഗിച്ച് വിജയമ്മയെയും, തടയാൻ ശ്രമിച്ച ടിയാളുടെ സഹോദര ഭാര്യയായ തുളസിഭായിയേയും മാരകമായി മുറിവേൽപ്പിക്കുകയും, അതിനെ തുടർന്ന് രണ്ട് സ്ത്രീകളും ആശുപത്രിയിൽ വച്ച് മരണപ്പെടുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>എസ്.സി.നം. 130/2006 കേസിലെ പ്രതിയായ ടിയാനെ അഡീഷണൽ ഡിസ്ട്രിക്റ്റ് സെഷൻസ് കോടതി (ADHOC), ഫാസ്റ്റ്ട്രാക്ക്-III, പത്തനംതിട്ട കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവും 25000/- രൂപ പിഴയും, ഇന്ത്യൻശിക്ഷാനിയമം 323 വകുപ്പ് പ്രകാരം 03 മാസം തടവും ഉത്തരവായിട്ടുണ്ട്. ശിക്ഷ കാലയളവ് ഒന്നിച്ചനുഭവിക്കുന്നതിനും അനുവദിച്ചിട്ടുണ്ട്.<br>19.12.2012 ലെ ക്രിമിനൽ അപ്പീൽ നം. 2174/2008 പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു. | പ്രതിയുടെ അകാല വിടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 16 വർഷവും 06 മാസവും 11 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട്.<br>ബഹു. വിചാരണ കോടതിയുടെയോ, അപ്പീൽ കോടതിയുടെയോ ശിക്ഷാ വിധികളിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br>BNSS ലെ വകുപ്പ് 475 അനുശാസിച്ചിട്ടുള്ള പ്രകാരം ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.. |